# കൂട്ടായ്മ വിരുന്ന്

നവംബർ – ഡിസംബർ 2015




**Department of Family Units and Parish Renewal**
(Archdiocese of Ernakulam - Angamaly)
Renewal Centre Kaloor, Kochi - 682017
Ph: 0484 - 2338151
www.familyunitsekm.com



# തത്വം

ഇഡിത് സ്റ്റെയിൻ. 1891 ഒക്ടോബർ 12-നു ജർമ്മനിയിലെ ഒരു യഹൂദ കുടുംബത്തിൽ 11 മക്കളിൽ ഏറ്റവും ഇളയവളായി ജനിച്ചു. യൗവന കാലത്ത് ദൈവാസ്തിത്വത്തെ നിഷേധിച്ചു, നിരീശ്വരവാദിയായി ജീവിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചറിഞ്ഞ സ്റ്റെയിൻ ഒരു ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയി കുറേക്കാലം ജോലി ചെയ്തു. തത്വശാസ്ത്രപഠനത്തിൽ ആകൃഷ്ടയായ അവൾ 1916-ൽ ഫ്രൈബുർഗ് യൂണിവേഴ്സിറ്റിയിൽ നിന്നു തത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി. പിന്നീട് അതേ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി. മാർട്ടിൻ ഹൈഡഗർ, എഡ്മണ്ട് ഹുസ്സ്റ്ൽ തുടങ്ങിയ വിഖ്യാതരായ തത്വശാസ്ത്രകാരന്മാരോടൊത്തു പ്രവർത്തിച്ചു. ഈടുറ്റ തത്വശാസ്ത്ര രചനകൾ നിർവ്വഹിച്ചു.

1921-ൽ ആവിലായിലെ അമ്മത്രേസ്യയുടെ ആത്മകഥ വായിക്കാനിട വന്നു. അതു കത്തോലിക്ക വിശ്വാസം സ്വീകരിക്കുന്നതിനു പ്രേരകമായി. തുടർന്ന് 1922-ൽ മാമ്മോദീസ സ്വീകരിച്ചു. അധ്യാപനവൃത്തി തുടർന്ന സ്റ്റെയിൻ, പിന്നീട് 1933-ൽ കർമ്മലീത്ത സന്യാസസഭയിൽ ചേർന്നു. തുടർന്നു നാസികളുടെ ഭീഷണികൾ ഏറ്റുവാങ്ങുകയും 1942-ൽ നാസി തടങ്കൽപാളയത്തിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് ഗ്യാസ് ചേമ്പറിൽ അടയ്ക്കപ്പെട്ടു വിഷവാതകം ശ്വസിപ്പിച്ചു കൊല ചെയ്തു.

1998-ൽ ജോൺ പോൾ രണ്ടാമൻ പാപ്പ ഇഡിത് സ്റ്റെയിനെ വിശുദ്ധ പദവിയിലേക്കുയർത്തി.



## മുഖക്കുറിപ്പ്

# കരുണ

"മരിക്കുന്നതിനു മുമ്പു എന്റെ കുഞ്ഞിനെ ഒന്നു കാണാൻ അനുവദിക്കുക." ചാൾസ് ഡിക്കൻസിന്റെ ഒലിവർ ട്വിസ്റ്റ് എന്ന നോവലിൽ കുഞ്ഞിനെ പ്രസവിച്ച ശേഷം മരണം വരിക്കുന്ന അമ്മ ആഗ്നസ് ഫ്ളമിംഗിന്റെ വാക്കുകൾ. "ഒരമ്മ തന്റെ കുഞ്ഞിനെ പരിപാലിക്കുന്നതു പോലെ, എന്റെ കാരുണ്യത്തെ പ്രഘോഷിക്കുന്നവരുടെ ആത്മാക്കളെ ഞാൻ സംരക്ഷിക്കും." ഈശോ വെളിപ്പെടുത്തിയതായി വി. ഫൗസ്റ്റീന തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. സുവിശേഷത്തിന്റെ ഏടുകളിൽ കാണുന്ന ദൈവസ്നേഹത്തിന്റെ ശ്രേഷ്ഠതകളിൽ ഒന്നാണ് കരുണ. യേശുവിന്റെ പരസ്യ ജീവിതപ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന ഭാവം. ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ അലിഞ്ഞുചേരേണ്ട ശൈലി.

കരുണയുടെ ക്ലാസിക് പ്രകടനമാണ് വ്യഭിചാരത്തിൽപിടിക്കപ്പെട്ട് കല്ലെറിഞ്ഞുകൊല്ലാൻ കൊണ്ടുവന്ന സ്ത്രീയോടുള്ള യേശുവിന്റെ സമീപനം: "സ്ത്രീയെ, ഞാനും നിന്നെ വിധിക്കുന്നില്ല. ഇനി മേലിൽ പാപം ചെയ്യരുത്." കത്തോലിക്ക സഭയുടെ മതബോധനത്തിൽ കാരുണ്യപ്രവർത്തികൾ പതിനാല് എന്നു പറഞ്ഞുകൊണ്ട് 14 പ്രവൃത്തികളെക്കുറിച്ചു പറയുന്നുണ്ട്, മരിച്ചവരെ അടക്കുന്നത് ഉൾപ്പെടെ. വർത്തമാന ജീവിതത്തിൽ സന്തോഷവും സമാധാനവും നേടുന്നതിനും, മരണശേഷം മോക്ഷം പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗമായി ഹൈന്ദവ, ബുദ്ധമത ഗ്രന്ഥങ്ങൾ കരുണയെ വിവരിച്ചിരിക്കുന്നു. ഇവിടെയെല്ലാം കരുണ കേവലം ആശയപരമായ ഒരവതരണമല്ല. മറിച്ച് ആത്മീയ ജീവിതം നയിക്കുന്ന ഒരു വ്യക്തിയുടെ ഉള്ളിൽഉറഞ്ഞുകൂടി പ്രവൃത്തിയിലേക്കെത്തുന്ന ഒരു യാഥാർഥ്യമാണ്.

യേശുവിന്റെ കരുണയുടെ മുഖത്തിനു ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. ആ കരുണ മനുഷ്യന്റെ ആവശ്യങ്ങളെ അടുത്തറിയുന്നതായിരുന്നു. സത്യസന്ധവും നീതിയുക്തവുമായ ഒരു സമീപനമായിരുന്നു അത്. ആചാരാനുഷ്ഠാനങ്ങളോടുള്ള വെറുപ്പായിരുന്നില്ല, നിയമലംഘനമായിരുന്നില്ല. അടുപ്പക്കാരോടുള്ള ചില ഇഷ്ടങ്ങളും ആയിരുന്നില്ല അത്. തിരികെ ഒന്നും പ്രതീക്ഷിക്കാതെയുള്ള നിസ്വാർത്ഥയുടെ പ്രകടനമായിരുന്നു. ഇതു തന്നെയാണ് കുമ്പസാരക്കൂട്ടിൽ സംഭവിക്കുന്നത്. (അതിനാൽ കുമ്പസാരക്കൂടിനെ കരുണക്കൂട് എന്നു വിളിക്കുന്നതാണ് ഉചിതം. നിശ്ചിത സമയത്ത് ഈ കൂടണയുന്നവർക്ക് കൂട്ടുകാരനാണല്ലോ യേശു.) എല്ലാ മനുഷ്യന്റെയും ഉള്ളിൽഒരു ആർദ്ര

ഭാവം ഉറങ്ങു കിടക്കുന്നുണ്ട്. ഇതു സഹജീവികളോടു പ്രകടിപ്പിക്കാൻ എല്ലാവർക്കും കടപ്പാടുണ്ട്. ഭാര്യയുടെമേൽ എല്ലാത്തരത്തിലും മേൽക്കോയ്മ നേടാൻ ആഗ്രഹിക്കുന്ന ഭർത്താവ്, ഇതവസാനിപ്പിച്ച്, ജീവിതപങ്കാളിയോടു പുലർത്തേണ്ട സമീപനം ഈ കരുണാർദ്ര സ്നേഹമാണ്. മറ്റുള്ളവരെ ഇകഴ്ത്തിയും, കീഴടക്കിയും ആളാകാനുള്ള ശ്രമം അവസാനിപ്പിച്ച്, അപരനു വേണ്ടി വിയർപ്പ് തൂകാനുള്ള ഉദ്യമം...

അങ്ങനെയെങ്കിൽ, യേശുവിന്റ കരുണ നമ്മുടെ ജീവിത പഥങ്ങളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്. ഒന്ന്, സത്യസന്ധവും നീതിയുക്തവുമായ ജീവിത നിലപാടുകൾ വേണം. പക്ഷപാതപരമല്ലാത്ത വസ്തുനിഷ്ഠതയുടെ ജീവിതം. രണ്ട്, നമ്മുടെ സഹായവും പരിഗണനയും ആവശ്യമുള്ളവരാരെന്ന് നാം തിരിച്ചറിയണം. ഇത് എന്നെ താലോലിക്കുന്നവരുടെയും, ഞാൻ താലോലിക്കുന്നവരുടെയും സംഘമാകരുത്. മൂന്ന്, ഈ സമീപനത്തിൽപണ്ഡിത, പാമര, വർഗ, വർണ, സമ്പന്ന, ദരിദ്ര, വലുപ്പ, ചെറുപ്പ വ്യത്യാസമില്ലാതെ അപരരുടെ കാര്യത്തിൽ ഇടപെടണം. ഇതിൽമുറിവുണ്ടാകും. പക്ഷേ, ഈ മുറിവ് ആനന്ദമാകണം. നാല്, ബോധപൂർവമായ ചില പ്രവൃത്തികൾ ചെയ്യാൻ തയ്യാറാവണം. ശരീരവും, ബുദ്ധിയും, മനസ്സും വിയർപ്പു തൂകണം എന്നു സാരം.

മഴയത്തു ചോരുന്ന വീടു കെട്ടാൻ തോമ്മാകുട്ടി ചേട്ടനെ സഹായിക്കുന്നുവെങ്കിൽ... എൺപതു കഴിഞ്ഞ ആഗ്നസ് അമ്മച്ചിക്കു മരുന്നു വാങ്ങി നല്കാനും, ആശ്വസിപ്പിക്കുവാനും മനസ്സു കാട്ടുന്നുവെങ്കിൽ... ഫീസു കൊടുക്കാൻ വഴിയില്ലാത്ത മരിയമോൾക്കു അതിനുള്ള വഴി നാം തുറന്നു കൊടുക്കുന്നുവെങ്കിൽ...മുപ്പതു കഴിഞ്ഞ തെരേസയെ കല്യാണം ചെയ്തയക്കുന്നുവെങ്കിൽ... അനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ വേണ്ടെന്നു വച്ച് മനുഷ്യന്റെ ജീവിത പ്രശ്നങ്ങളിലേക്കു നാം ഇറങ്ങി ചെല്ലുന്നുവെങ്കിൽ... അലസരെ അദ്ധ്വാനിക്കുവാൻ പഠിപ്പിക്കുന്നുവെങ്കിൽ... നിഷേധികളെ ദൈവഹിതത്തിനു കീഴടങ്ങാൻ പാകപ്പെടുത്തുന്നുവെങ്കിൽ... ധൂർത്ത് അവസാനിപ്പിച്ച് (പള്ളിയാകട്ടെ, കടുംബമാകട്ടെ, രാഷ്ട്രമാകട്ടെ) സാധാരണ ജീവിതം നയിക്കുന്നുവെങ്കിൽ...മേല്പറഞ്ഞ ഘടകങ്ങൾ നമ്മിൽ നിറവേറ്റപ്പെടുന്നുണ്ട്.

ദാ, നോക്കൂ... വിലപ്പെട്ട ഒരു വർഷം നമ്മുടെ മുൻപിലുണ്ട്. ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച കരുണയുടെ വർഷം. നമ്മുടെ കൂട്ടായ്മകൾക്ക് ഇത് ഒരു പുതിയ മുന്നേറ്റത്തിന്റെ വർഷമാകട്ടെ. വിമർശനങ്ങളുടെ നാവടക്കി കാരുണ്യത്തിന്റെ പ്രവൃത്തികളിൽ നമുക്കു വ്യാപൃതരാകാം.

സ്നേഹപൂർവ്വം

**സണ്ണിയച്ചൻ**

# മത്സരം വേണ്ട, അഹങ്കാരവും

(ഫിലിപ്പി. 2:1-11)



**ക്രി**സ്തു വിജ്ഞാനീയത്തിലെ ഏറ്റവും സമ്പന്നവും അർത്ഥപൂർണ്ണവുമായ ഗീതമാണിത്. ക്രിസ്തുവിലൂടെ വെളിവാക്കപ്പെടുന്ന ദൈവികസഭ, പഴയനിയമ ദൈവസങ്കല്പത്തിൽ നിന്നും യഹൂദർ കാത്തിരുന്ന രാജാവാം മിശിഹാ എന്ന സങ്കല്പത്തിനും ഘടക വിരുദ്ധമായിരുന്നു. ദൈവീകതലം വിട്ട് മനുഷ്യനാവുക മാത്രമല്ല മനുഷ്യന്റെ രക്ഷ കൈവരിക്കുവാൻ വേണ്ടി നിന്ദ്യവും വേദനാജനകവുമായ കുരിശുമരണം വരെ വരിക്കുവാൻ സന്നദ്ധനാകുന്ന ദൈവപുത്രനായ ക്രിസ്തു! ക്രിസ്തുവിന്റെ എളിമയുടെയും ശൂന്യവത്ക്കരണത്തിന്റെയും മാതൃകയാണ് ക്രിസ്തീയ ജീവിതത്തിന്റെ വിജയഫോർമുലയായി ശ്ലീഹ ഇവിടെ അവതരിപ്പിക്കുന്നത്.

മറ്റൊരിടത്തെ തടവറയിൽ നിന്നുമാണ് താൻ തന്നെ സ്ഥാപിച്ച വിശ്വാസസമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കായി ശ്ലീഹാ ഈ ലേഖനം അയയ്ക്കുന്നത്. ശ്ലീഹായുടെ കാഴ്ചപ്പാടിൽ ഫിലിപ്പിയക്കാർ പൊതുവെ നന്മ ചെയ്യാൻ മനസ്സുള്ളവരാണ്. പക്ഷേ, അവരുടെയിടയിൽ ഇല്ലാതെപോയ പരസ്പര ബഹുമാനവും വിനയവും ക്രിസ്തുവിനെ പൂർണ്ണതയിൽ പിന്തുടരുന്നതിനും യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും തടസ്സമായിത്തീരുന്നു. ഈയൊരു പശ്ചാത്തലത്തിൽ അവരുടെയിടയിൽ തന്നെ പ്രചാരത്തിലിരുന്ന 'ക്രിസ്തു ഗീതം' ഉപയോഗിച്ച് ശ്ലീഹാ അവരെ തിരുത്തുന്നു.

## വ്യാഖ്യാനം

ഫിലി 1:27-28-നെ ഈ വചനഭാഗത്തിന്റെ ആമുഖമായി കരുതാം.

ഇവിടെ പ്രധാനമായും രണ്ടു കാര്യങ്ങളാണ് പരാമർശിക്കുക. ആദ്യത്തേത്, ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായ രീതിയിൽ ജീവിക്കുവാൻ വേണ്ടത് - ഒരേ ആത്മാവും ഒരേ മനസ്സും! രണ്ടാമതായി എതിരാളികളുടെ പ്രവൃത്തികൾ ലക്ഷ്യമിടുന്നത് നമുക്കിടയിൽ അനൈക്യമാണ് (v. 28). അതിനാൽ ശ്ലീഹായുടെ ലക്ഷ്യം ഒന്നുമാത്രം-എതിരാളികളുടെ പ്രവൃത്തികളെ ജാഗ്രതയോടെ അതിജീവിച്ച് സുവിശേഷത്തിനു യോഗ്യമായ വിധം ജീവിക്കുവാൻ ഏവരെയും സജ്ജരാക്കുക. ഇതിനു വേണ്ടി പ്രായോഗിക മാർഗ്ഗങ്ങളാണ് തുടർന്നു നല്കുന്നത്.

**പൂർണ്ണമായ ഐക്യം:** ഒരേ കാര്യങ്ങൾ ചിന്തിക്കുക, ഒരേ സ്നേഹത്തിൽ വർത്തിക്കുക, ഒരേ ആത്മാവും ഒരേ അഭിപ്രായവുമുള്ളവരാകുക, ഇത്തരത്തിലുള്ള പൂർണ്ണമായ ഐക്യമാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്. എല്ലാവരും 'ഒരേ കാര്യങ്ങൾ ചിന്തിക്കുക' എന്നു പറയുമ്പോൾ എല്ലാവരിലും, എല്ലാവരുടെയും ചിന്തയിൽ യേശുവിന്റെ മനസ്സ് (മനോഭാവം) രൂപപ്പെടുത്തുക എന്നതാണ് വിവക്ഷ. അതായത്, പ്രോത്സാഹിപ്പിക്കുന്നതിൽ, ആശ്വസിപ്പിക്കുന്നതിൽ, പങ്കുവയ്ക്കുന്നതിൽ, ഔദാര്യത്തോടും സഹാനുഭൂതിയോടുംകൂടി വർത്തിക്കുന്നതിൽ യേശുവിനെപ്പോലെ ചിന്തിക്കാനും പ്രവൃത്തിക്കാനുമാണ് ശ്ലീഹാ ആവശ്യപ്പെടുന്നത്.

**സ്വാർത്ഥതയും അഹങ്കാരവും:** പാപത്തിന്റെ അടിസ്ഥാന കാരണവും ഐക്യത്തിനു തടസ്സം സൃഷ്ടിക്കുന്നതും ഈ രണ്ട് കാര്യങ്ങളാണ്. അതിനാൽ ഇതിനു പ്രതിവിധിയായി ശ്ലീഹാ മന്നോട്ടു വയ്ക്കുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

a) മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതുക!:

- നാം സാധാരണ ശ്രേഷ്ഠരായി കരുതുന്നവർ - പ്രശസ്തർ, ധനവാന്മാർ, ബലവാന്മാർ, സ്വാധീനമുള്ളവർ etc.
- ശ്രേഷ്ഠതയില്ല എന്നു കരുതുന്നവർ: നിസ്സഹായർ, ദുർബലർ, പാവങ്ങൾ, സ്വാധീനമില്ലാത്തവർ etc.

ഇത്തരം കാഴ്ചപ്പാടുകളെ അതിലംഘിക്കാനും എല്ലാവരെയും ശ്രേഷ്ഠതയുള്ളവരായി കാണാനും ഈ വചനഭാഗം ഓർമ്മപ്പെടുത്തുന്നു. മറ്റുള്ളവരുടെ താത്പര്യങ്ങൾക്കു മുൻഗണന കൊടുക്കുക. തങ്ങൾക്കില്ലാത്ത കഴിവുകൾ മറ്റുള്ളവർക്ക് ദൈവം നല്കിയിട്ടുണ്ട് എന്ന ബോധ്യം വളർത്തിയെടുക്കുക.

b) യേശുവിന്റെ ശൂന്യവത്ക്കരണം:

യേശുവിന്റെ ശൂന്യവത്ക്കരണത്തിന്റെ അടിസ്ഥാനം സ്നേഹവും വിനയവുമായിരുന്നു. തന്നെ ഏല്പിച്ച 'മനുഷ്യരക്ഷ' എന്ന ലക്ഷ്യം നേടുവാൻ അവൻ സ്വീകരിച്ച മാർഗ്ഗങ്ങളാണ് സ്നേഹവും എളിമയും. ക്രൈസ്തവജീവിതവിജയത്തിനും ശ്ലീഹ നല്കുന്ന എളുപ്പവഴിയും ഇതു മാത്രം.

## വിനയത്തിന്റെ പ്രതിഫലം:

എളിയവരെ ദൈവം ഉയർത്തുന്നു എന്ന വലിയ സത്യമാണ് ക്രിസ്തുവിന്റെ ജീവിതം പഠിപ്പിക്കുക (v. 9-11). വ്യയം ചെയ്തതെല്ലാം ഇരട്ടിയായി തിരിച്ചു നല്കപ്പെടും. ദൈവിക തലങ്ങളിലേക്ക് ഒരുപക്ഷേ, അൾത്താരയിൽ വണക്കത്തിനുപോലും അവർ ഉയർത്തപ്പെടുന്നു.

## സന്ദേശം

പല കാരണങ്ങളാൽ വിഘടിതമായ സമൂഹത്തിലാണ് നാമിന്ന് ജീവിക്കുക. മതങ്ങളാൽ, രാഷ്ട്രീയ പാർട്ടികളാൽ, ജാതി-വർണ്ണ വ്യത്യാസങ്ങളാൽ മനുഷ്യകുലം വിഭജിക്കപ്പെട്ടിരിക്കുന്നു. വിഭാഗീയതയും വർഗ്ഗീയതയും ഇത്രയും ആഴത്തിൽ വേരൂന്നീയ ഒരു കാലഘട്ടം വേറെയില്ല എന്നു ചിന്തിക്കാൻ പല സംഭവങ്ങളും നമ്മെ പ്രേരിപ്പിക്കും. ഒരുമിച്ചു നിന്നാൽ അവകാശങ്ങൾ നേടിയെടുക്കാം എന്ന തലത്തിൽ മാത്രമാണ് ഭൂരിപക്ഷം പേരും ഐക്യത്തെപ്പറ്റി ചിന്തിക്കുന്നത്.

ക്രിസ്തുവിന്റെ മാതൃക പ്രസക്തമായിത്തീരുന്നത് ഇവിടെയാണ്. ഐക്യം നിലനിറുത്താൻ വിട്ടുവീഴ്ചകൾ ചെയ്യുന്ന, സഹനം ഏറ്റെടുക്കുന്ന ശൈലി. മറ്റുള്ളവരിൽ എപ്പോഴും നന്മ കണ്ടെത്താനുള്ള ശ്രമം. മാത്സര്യവും സ്വാർത്ഥതയും നിമിത്തം തകർന്നടിയുന്ന സഭാസമൂഹങ്ങളും, കൂട്ടായ്മകളും, കുടുംബങ്ങളും നമ്മുടെ ഇടയിലുണ്ട്. ഇവിടെയെല്ലാം ക്രിസ്തു ഉയർത്തുന്ന ശൂന്യവത്ക്കരണത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാൻ ഇനിയും നാം പരിശീലിക്കേണ്ടിയിരിക്കുന്നു.

കൂട്ടായ്മകളിൽ ഇന്ന് ചർച്ച ചെയ്യേണ്ട വലിയൊരു പ്രശ്നമാണ് സഭയിലെ അനൈക്യവും മാത്സര്യവും. സ്ഥാനമാനങ്ങൾക്കും അധികാരത്തിനുമുള്ള വടംവലികളും ധ്രുവീകരണങ്ങളും. ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർ എത്രമാത്രം സഭാകാര്യങ്ങളിൽ സജീവമായാലും ക്രിസ്തുശൈലിയിൽ നിന്നും അവർ ഏറെ അകലെയായിരിക്കും.

അധികാരത്തിന്റെയും ആനുകൂല്യങ്ങളുടെയും ഇടയിൽ വ്യാപരി

*(ശേഷം 10-ാം പേജിൽ)*

സാബു ജോസ്

# ഗർഭച്ഛിദ്രം കൊലപാതകം തന്നെ



ഗർഭച്ഛിദ്രത്തിന് അനുകൂലമായ നിയമഭേദഗതിക്കു കേന്ദ്രസർക്കാർ നടത്തുന്ന നീക്കം വ്യാപകമായ എതിർപ്പും, ശക്തമായ പ്രതിഷേധവും ഉയർത്തിയിരിക്കുന്നു. ഗർഭച്ഛിദ്രം നടത്താനുള്ള കാലാവധി 20 ആഴ്ചകളിൽ നിന്ന് 24 ആഴ്ചകളായി വർദ്ധിപ്പിക്കാൻ അടക്കമുള്ള നിരവധി നിർദ്ദേശങ്ങളാണ് മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി (എം.ടി.പി.) നിയമം പരിഷ്കരിക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മനുഷ്യജീവനു പുല്ലുവില കല്പിച്ചും മാതൃത്വത്തിന്റെ മഹത്വം തൃണവൽക്കരിച്ചും ഗർഭസ്ഥ ശിശുക്കളെ കൊന്നൊടുക്കാനുള്ള നിയമം കൂടുതൽ ഉദാരമാക്കാൻ ഇന്ത്യൻ ഗവൺമെന്റ് ശ്രമിക്കുന്നു. 6 മാസം വരെയുള്ള ഭ്രൂണം നശിപ്പിക്കാൻ അനുവദിക്കുന്നതു കൂടാതെ, ഭ്രൂണത്തിന്റെ അനാരോഗ്യം, ഗർഭിണിയുടെ ആരോഗ്യം തുടങ്ങിയവ പരിഗണിച്ച് ജനനത്തിനു 3 മാസത്തിനു മുമ്പുള്ള ഏതു ഘട്ടത്തിലും ഗർഭച്ഛിദ്രം അനുവദനീയമാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

അണ്ഡബീജ സങ്കലനനിമിഷം മുതൽ മനുഷ്യജീവന്റെ വളർച്ച ആരംഭിക്കുന്നുവെന്ന് ശാസ്ത്രം വ്യക്തമായി പറയുന്നു. അതിനാൽ ഭ്രൂണഹത്യ നരഹത്യ തന്നെയാണ്. ഗർഭച്ഛിദ്രം വഴി സംഭവിക്കുന്നതു ബലഹീനരുടെ മേലുള്ള ശക്തരുടെ കടന്നാക്രമണമാണ്. ജനസംഖ്യ നിയന്ത്രണമാണ് ഗവൺമെന്റിന്റെ ഗൂഢലക്ഷ്യം. ജനസംഖ്യ നിയന്ത്രണത്തെക്കുറിച്ചു ഫ്രാൻസിസ് പാപ്പയുടെ ഉദ്ബോധനം വളരെ പ്രസക്തമാണ്. പാപ്പ പറയുന്നു: പാവങ്ങളുടെ പ്രശ്നം പരിഹരിക്കേണ്ടത് എങ്ങനെ എന്ന് ക്രിയാത്മകമായി ചിന്തിക്കുന്നതിനുപകരം, ചിലർ മനുഷ്യരുടെ പിറവി കുറയ്ക്കുന്നതിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. ചിലർ അമിതമായി കൈവശം വച്ചിരിക്കുന്ന വിഭവങ്ങൾ പാവങ്ങൾക്കു പങ്കിട്ടു നല്കുന്നതിനെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടതെന്നു പാപ്പ പറയുന്നു.

ഗർഭച്ഛിദ്രത്തെക്കുറിച്ചു കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥത്തിലുള്ള പ്രബോധനം വളരെ വ്യക്തമാണ്. **''മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷം മുതൽ ആദരിക്കപ്പെടുകയും നിരുപാധികമായി സംരക്ഷിക്കപ്പെടുകയും വേണം. അസ്തിത്വത്തിന്റെ ആദ്യനിമിഷം മുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശങ്ങൾ ഉള്ളവനായി അംഗീകരിക്കപ്പെടണം'' (നമ്പർ-2270). ''മനപൂർവ്വം നടത്തുന്ന ഗർഭച്ഛിദ്രം ധാർമിക തിന്മയാണെന്നു സഭ ആദ്യനൂറ്റാണ്ടുമുതൽ ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പ്രബോധനത്തിനു മാറ്റം വന്നിട്ടില്ല; മാറ്റമില്ലാത്തതായി നിലനില്ക്കുകയും ചെയ്യുന്നു''(നമ്പർ-2271). ''ഗർഭച്ഛിദ്രത്തിനു മന: പൂർവ്വം സഹായിക്കുന്നതു ഗൗരവപൂർണമായ കുറ്റമാണ്. മനുഷ്യജീവനെതിരെയുള്ള ഈ അപരാധത്തിനു സഭ കാനോനികമായ 'മഹറോൻ' ശിക്ഷ കല്പ്പിച്ചിരിക്കുന്നു''(നമ്പർ-2272).** ❑

# ആപ്പ്

റോഷ്നി പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവു തെളിയിച്ച വിദ്യാർത്ഥിനിയായിരുന്നു. എല്ലാവരോടും അവൾ സൗഹൃദം സ്ഥാപിച്ചു; ആരോടും പ്രത്യേക മമതയില്ലാതെ. അതിനാൽ തന്നെ എല്ലാവർക്കും അവൾ പ്രിയപ്പെട്ടവളായി. അങ്ങനെയിരിക്കെയാണ് ക്ലാസ്സിൽ നിന്ന് എല്ലാവരും കൂടി പിക്നിക് പോയത്. അവൾ തന്റെ ബാച്ച്മേറ്റ്സിന്റെ എല്ലാവരുടെയും ഫോട്ടോ തന്റെ ക്യാമറയിൽ പകർത്തി. ആൺകുട്ടികളും, പെൺകുട്ടികളും പരസ്പരം ഫോട്ടോ എടുത്തും എടുപ്പിച്ചും സൗഹൃദത്തിന്റെ ആഴം കൂട്ടി. പക്ഷേ, അതിലൊരുവൻ ചതിയൻ ചന്തുവായിരുന്നു (റോഷൻ). റോഷ്നിയോടൊപ്പം അവനെടുത്ത ഫോട്ടോ അവൻ തന്റെ മൊബൈലിൽ സൂക്ഷിച്ചു. പിന്നീട് പല പ്രാവശ്യം അവൻ റോഷ്നിയോടു പ്രേമാഭ്യർത്ഥന നടത്തി. പക്ഷേ, അതെല്ലാം അവൾ നിരസിച്ചു. ഏതാനും വർഷങ്ങൾ കഴിഞ്ഞു. റോഷ്നിയുടെ വിവാഹം ഉറപ്പിച്ചു, റോബിനുമായി. പൊടുന്നനെയാണ് റോഷ്നിയുടെ മോർഫ് ചെയ്ത ചിത്രങ്ങൾ വാട്ട്സ് ആപ്പിലും ഫെയ്സ്ബുക്കിലും പ്രചരിച്ചത്. എല്ലാറ്റിന്റെയും പിന്നിൽ അവനായിരുന്നു, ചതിയൻ ചന്തു റോഷൻ. റോഷ്നി തന്റെ സമനില വീണ്ടെടുക്കുന്നതിനു നീണ്ട സമയമെടുത്തു!!

ആരോമൽ ചേകവരെ ചതിയിൽ കൊലപ്പെടുത്തി ഉണ്ണിയാർച്ചയെ സ്വന്തമാക്കാൻ ശ്രമിച്ച ചതിയൻ ചന്തുമാർ whatsapp ലും facebookലുമുണ്ട്. ജാഗ്രതൈ! ❑

# സുഖജീവിതം

കുട്ടിക്കൂട്ടത്തിനു പങ്കുവയ്ക്കാനുള്ള ഒരു കഥ കേൾക്കൂ.

ചുറ്റുവട്ടത്തുള്ള വീടുകളിലെ കോഴിക്കുഞ്ഞുങ്ങളെ റാഞ്ചി ഭക്ഷിച്ച ശേഷം മരച്ചില്ലയിൽ സുഖമായി ഇരുന്നു വിശ്രമിക്കുന്ന പരുന്തിനെ ക്കണ്ടപ്പോൾ മുയലിന് ഒരു മോഹം. പരുന്തിനെപ്പോലെയൊന്നു വിശ്ര മിച്ചു സുഖിക്കണം. മുയൽ ഇങ്ങനെ വിചാരിച്ചു, ഇന്നു ഒന്നും ഭക്ഷി ച്ചില്ലെങ്കിലും കുഴപ്പമില്ല. പരുന്തിനെപ്പോലെയൊന്നു സുഖിക്കണം. മുയൽ പരുന്തിരുന്ന മരച്ചില്ലയുടെ താഴെ ഉറങ്ങി വിശ്രമിക്കാൻ തുട ങ്ങി. പൊടുന്നനെയാണ് വിശന്നു വലഞ്ഞു വന്ന കുറുക്കൻ പ്രത്യക്ഷ പ്പെട്ടത്. നിമിഷങ്ങൾക്കുള്ളിൽ മുയൽ കുറുക്കന്റെ പിടിയിലമർന്നു. ഇതൊക്കെ കണ്ട് പരുന്ത് കൂസലില്ലാതെ മരത്തിൻമേൽ തന്നെയിരുന്നു.

മറ്റുള്ളവരുടെ സുഖജീവിതം കണ്ടു അതിനെ അനുകരിക്കാൻ ശ്രമി ക്കുന്നവരെ കാത്തിരിക്കുന്നത് നിരാശയും തകർച്ചയുമായിരിക്കും. ❑

---

*(7-ാം പേജ് തുടർച്ച)*

ക്കാൻ ആഗ്രഹിക്കുന്നവരാണ് നാം. ദാസനാകുന്ന ക്രിസ്തുവാണ് ഇവിടെ മാതൃക. കല്പനകളും ആജ്ഞകളും നല്കാൻ മാത്രം ജീവിക്കു ന്നവരുണ്ട്. എവിടെയും അധികാരമനോഭാവമാണ് ഇവരുടേത്. ഭാര്യ-ഭർതൃബന്ധത്തിൽ ഇത്തരം മനോഭാവങ്ങൾ സൃഷ്ടിക്കുന്ന അപകട ങ്ങൾ വലുതാണ്. പല കൂട്ടായ്മകളിലും സൗഹൃദങ്ങളിലും ഇത് ദർശി ക്കാനാവുന്നതാണ്.

**ചർച്ച ചെയ്യാൻ:**

1) നമ്മുടെ കൂട്ടായ്മയുടെ ഐക്യത്തെ അടയാളപ്പെടുത്തുന്ന ഘടക ങ്ങൾ ഏതെല്ലാം?
2) ആധുനിക കാലഘട്ടത്തിലെ സാമുദായികവും രാഷ്ട്രീയവുമായ ധ്രുവികരണങ്ങൾ ഏപ്രകാരമാണ് മനുഷ്യകുലത്തെ ബാധിക്കുന്നത്?
3) സ്വയംശൂന്യവത്ക്കരിച്ച യേശുവിന്റെ മാതൃക എത്രമാത്രം സഭയിലും സമൂഹത്തിലും വ്യക്തിജീവിതത്തിലും പ്രകടമാണ്?

❑

തുറന്ന കത്ത്



ഫാ. ആന്റണി കല്ലൂക്കാരൻ

# ഞങ്ങൾക്ക് പറയാനുണ്ട്... സ്നേഹപൂർവ്വം യുവതീയുവാക്കൾ

ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവരേ,

ഞങ്ങൾക്കു ചിലത് പറയാനുണ്ട് എന്ന് കേൾക്കുമ്പോൾ തന്നെ നിങ്ങൾ പറയാൻ പോകുന്ന കാര്യം, ആദ്യം യുവതീയുവാക്കളോട് യൂണിറ്റ് മീറ്റിംഗിന് വരാൻ പറയൂ, എന്നിട്ട് ബാക്കി കേൾക്കാം എന്നായിരിക്കും. ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ ഭൂരിഭാഗവും കുടുംബയൂണിറ്റ് മീറ്റിംഗിൽ പങ്കെടുക്കാത്തവരാണ്. പക്ഷേ, ചിലരെങ്കിലും പങ്കെടുക്കാറുണ്ട്. എന്നാൽ കുടുംബയൂണിറ്റ് വാർഷികത്തിന് ഞങ്ങൾ എത്ര ആവേശത്തോടെയാണ് പങ്കെടുക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അതിനർത്ഥം ഞങ്ങൾക്ക് യൂണിറ്റ് മീറ്റിംഗിനോട് ഇഷ്ടക്കുറവൊന്നുമില്ല എന്നല്ലേ?

ഞങ്ങളുടെ സാന്നിദ്ധ്യമില്ലാത്തതിന് ഒരു കാരണം ഞങ്ങൾക്ക് അത്ര ആവേശം നൽകുന്ന കാര്യങ്ങൾ ഒന്നും അവിടെ സംഭവിക്കുന്നില്ല എന്നതു തന്നെയാണ്. മറ്റൊരു കാര്യം യൂണിറ്റ് മീറ്റിംഗ് കഴിഞ്ഞ് വീട്ടിൽ വരുമ്പോൾ അമ്മയും അപ്പനും ഇരുന്ന് ഒന്നുകിൽ ഭാരവാഹികളുടെ കുറ്റം പറയും, അല്ലെങ്കിൽ വികാരിയച്ചന്റെ കുറ്റം പറയും. ഇങ്ങനെയൊക്കെയാണെങ്കിൽ വീട്ടിലിരുന്ന് ടി.വി. കാണുന്നതാണ് നല്ലത് എന്നു തോന്നും. ഞങ്ങളിൽ ചിലരുടെ പ്രശ്നം ഇതൊന്നുമല്ല. കോളെജ് കഴിഞ്ഞ് വരുന്നത് തന്നെ അവശതയിലാണ്. പിന്നെ ഒരു റിലാക്സേഷൻ, അതാണ് ആവശ്യം. അവധി ദിവസമാണെങ്കിൽ സ്വസ്ഥമായിരുന്ന് ടി.വി. കാണാനോ, കൂട്ടുകാരോടൊപ്പം കറങ്ങനോ, അല്പം കളിക്കാനോ കിട്ടുന്ന അവസരമാണിത്. പഠനം കോംപ്രമൈസ് ചെയ്ത് യൂണിറ്റിനു പോകാൻ പറയുന്ന മാതാപിതാക്കൾ വളരെ കുറവാണ്. അവരെയും പറഞ്ഞിട്ട് കാര്യമില്ല. വിദ്യാഭ്യാസവും ഒരു കച്ചവടമാണല്ലോ, അപ്പോൾ കൊടുത്തത് തിരിച്ചു പിടിക്കണമെങ്കിൽ ഞങ്ങൾ രാത്രിയും പകലുമിരുന്ന് പഠിക്കുക തന്നെ വേണം. യൂണിറ്റ് മീറ്റിംഗിന് പോകുന്നത് സ്റ്റാറ്റസിന് കുറച്ചിലായി കാണുന്നവരുമുണ്ട്.

ഇതു പറയുമ്പോൾ നിങ്ങൾക്ക് ദ്വേഷം വരുന്നുണ്ടന്ന് ഞങ്ങൾക്കറി

യാം. ഒരു ന്യൂജെൻ, തലതെറിച്ച പിള്ളേര് എന്നു വിളിക്കുമെന്നും ഞങ്ങൾക്കറിയാം. അത് ഞങ്ങൾ കാര്യമാക്കുന്നില്ല. കാരണം ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിച്ച് പഴകിതുടങ്ങിയ ഒരു വാക്കാണ് ഞങ്ങൾക്കിത്. നിങ്ങളുടെ ചില ആവശ്യങ്ങൾക്ക് മാതാപിതാക്കളായ നിങ്ങൾക്ക് ന്യൂജെൻ എന്ന വാക്കും അതിന്റെ സ്റ്റൈലുകളും വേണം. എന്നാൽ നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് നിൽക്കാത്തപ്പോൾ നിങ്ങൾക്ക് പുച്ഛം. ഈ സ്റ്റൈലുകളും മാനറിസവും ഞങ്ങൾ ആലോചിച്ച് കണ്ടുപിടിക്കുന്നതൊന്നുമല്ല. നിങ്ങൾ ഇരുകൈയ്യും നീട്ടി ആശ്ലേഷിക്കുന്ന കച്ചവടസംസ്കാരത്തിന്റെ ഉപോൽപ്പന്നങ്ങളാണിവ. ‘Celebrate Life’ എന്ന കച്ചവട സംസ്കാരത്തിന്റെ ആപ്തവാക്യം നെഞ്ചിലേറ്റി അടിച്ചുപൊളി സംസ്കാരം വീട്ടിലേക്ക് കൊണ്ടുവരുമ്പോൾ ഓർക്കണമായിരുന്നു നിങ്ങളുടെ മക്കളായ ഞങ്ങൾ അതിന്റെ ഇരകളാകുമെന്ന്. മാതാപിതാക്കൾ വേലി ചാടിയാൽ മക്കൾ മതിലു ചാടും, സ്വാഭാവികം.

ഞങ്ങൾ ആരേയും കുറ്റം വിധിക്കുകയല്ല. എല്ലാറ്റിനും കാരണക്കാർ ഞങ്ങൾ മാത്രമാണെന്ന് പറയുമ്പോൾ ഉണ്ടാകുന്ന സങ്കടം കൊണ്ട് പറഞ്ഞു പോകുന്നതാണ്. ചിലരുടെ വിലാപം കേട്ടാൽ ഞങ്ങളെല്ലാം നശിച്ചുപോയ മട്ടാണ്. ഞങ്ങൾ എല്ലാവരും വിശുദ്ധരാണെന്ന് അവകാശപ്പെടുന്നില്ല. ഞങ്ങൾക്ക് ഒത്തിരിയേറെ പോരായ്മകളുണ്ട്. ഞങ്ങളിൽ ചിലർ മദ്യത്തിനും മയക്കു മരുന്നിനും അടിമകളാണ്. ഒത്തിരിയേറെപ്പേർ ലൈംഗിക അരാജകത്വത്തിലാണ്. അന്ധമായി ചില പ്രത്യയശാസ്ത്രത്തെ സ്നേഹിച്ച് അതിൽ പെട്ടുപോകുന്നവരുമുണ്ട്. തെറ്റിപ്പോയി എന്നു തിരിച്ചറിയുമ്പോഴേക്കും ഊരീപ്പോരാൻ കഴിയാത്തവിധം അവ ഞങ്ങളിൽ പിടിമുറുക്കിയിരിക്കും. ഞങ്ങളിൽ എത്രയോപേർ സമൂഹത്തിന് നന്മചെയ്ത് ജീവിക്കുന്നു. ഈ അവസ്ഥകൾ മനസ്സിലാക്കാതെ, ശകാരവും ഞങ്ങൾ ഗുണം പിടിക്കില്ല, എന്ന ശാപവാക്കുകളുമാണ് ഞങ്ങൾക്ക് ലഭിക്കുന്നത്.

ഞങ്ങൾ സഭയുടെ നെടുംതൂണാണെന്നും ഇടവകയുടെ ഊർജ്ജമാണെന്നും പലരും പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. സന്തോഷം നൽകുന്ന പ്രസ്താവനകളാണ് അതെല്ലാം. പക്ഷേ, ഞങ്ങളുടെ കഴിവും ഊർജ്ജവും ഇടവകയ്ക്കും സമൂഹത്തിനും വേണ്ടി ചിലവഴിക്കാൻ എന്ത് കർമ്മപദ്ധതികളാണ് നിങ്ങൾ ഒരുക്കിയിരിക്കുന്നത്? പള്ളിയിലെ യുവജനസംഘടനകളെ ഞങ്ങൾ മറക്കുന്നില്ല. ഞങ്ങളെ തമ്മിൽ തല്ലിക്കാൻ പോരുന്നത്രയും സംഘടനകൾ ഇന്നുണ്ട്.

ഇനിയും ഞങ്ങൾക്കു പറയാനുണ്ട്, നിങ്ങൾ കേൾക്കണം. ബാക്കി അടുത്ത ലക്കത്തിൽ പറയാം.

ഒത്തിരി സ്നേഹത്തോടെ,
നിങ്ങളുടെ മക്കൾ, യുവതീയുവാക്കൾ.

# യേശുവിന്റെ വിപ്ലവം

(യോഹ. 8:1-11)




നീതിയും കാരുണ്യവും തമ്മിലുള്ള വ്യത്യാസം ഏറ്റവും വ്യക്തമായി അവതരിപ്പിക്കുന്ന സുവിശേഷഭാഗമാണിത്. നിയമാനുസൃതമോ അല്ലാതെയെ അർഹമായത് ലഭിക്കുന്നതാണ് നീതി. കാരുണ്യമാകട്ടെ – അർഹതയില്ലാതിരുന്നിട്ടും ഔദാര്യത്തിൽനിന്നും ലഭിക്കുന്നതും!

രണ്ടു ഭാഗങ്ങളായിട്ടാണ് ഈ സുവിശേഷഭാഗം പുരോഗമിക്കുന്നത്. ആദ്യഭാഗം മോശയുടെ നിയമമനുസരിച്ച് (ലേവ്യ 20:10) പാപിനിയെന്ന് കുറ്റാരോപിതയായ സ്ത്രീയെ ശിക്ഷിക്കേണ്ടതിനെപ്പറ്റി. ഒരു വശത്ത് ഫരിസേയരും നിയമജ്ഞരും മറുവശത്ത് യേശുവും തമ്മിലുള്ള തർക്കവും, രണ്ടാം ഭാഗം യേശുവും പാപിനിയായ സ്ത്രീയും തമ്മിലുള്ള സംഭാഷണവുമാണ്. പാപിയോടുള്ള യേശുവിന്റെ കരുണയുടെ ആഴം മനസിലാക്കാൻ ഈ വചനഭാഗം തീർച്ചയായും നമ്മെ സഹായിക്കും.

## യേശുവിന്റെ വിപ്ലവാത്മകമായ അജപാന ശൈലി

ആദിമസഭയിൽ പാപികളോട് അല്ലെങ്കിൽ വ്യഭിചാരം പോലുള്ള കുറ്റങ്ങൾ ആരോപിക്കപ്പെട്ടവരോട് സ്വീകരിച്ചിരുന്ന തീവ്രമായ നിലപാടുകൾക്കെതിരെയുള്ള മറുപടിയായിട്ടാകാം സുവിശേഷകൻ ഈ സംഭവം അവതരിപ്പിക്കുന്നത്. ഒരുവനെ പാപത്തിൽനിന്നും തിന്മയിൽനിന്നും അകറ്റിനിറുത്താൻ ക്ഷമയോടും കരുണ്യത്തോടും അവനോട് വർത്തിക്കുക എന്ന വലിയ പാഠമാണ് ഈ സംഭവം നല്കുക.

യേശു മുന്നോട്ടു വയ്ക്കുന്ന അജപാലനശൈലിയും ഇതു തന്നെയാണ്. നിയമത്തിന്റെ നൂലാമാലകളിൽ കുരുക്കി ഒരുവനെ വിധിക്കാനും

ഇല്ലാതാക്കാനും എളുപ്പമാണ്.  പക്ഷേ, ഇതിനെല്ലാം ഉപരിയാണ് കരുണ-അത് പുതുജീവൻ നല്കുന്നു.

ഇടവകകളിൽ, കുടുംബത്തിൽ പ്രാവർത്തികമാക്കാവുന്ന ശൈലിയാണ് യേശുവിന്റേത്. അർഹതയില്ലാതിരുന്നിട്ടും നല്കുന്ന ക്ഷമയും കരുണയും പാപം ചെയ്യാതിരിക്കാൻ ഒരുവനെ സഹായിക്കും. നാമും അർഹതയില്ലാത്ത ക്ഷമയും കരുണയും സ്വീകരിച്ചവരാണ് എന്ന ഓർമ്മയാണ് ഇതിനടിസ്ഥാനം.

നിസ്സഹായ വ്യക്തിക്കു നേരെ കുറ്റാരോപണങ്ങൾ, അതും വേദഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഉയർത്തുമ്പോഴും, അതൊന്നും ശ്രദ്ധിക്കാതെ 'നിലത്തെഴുതി' കൊണ്ടിരിക്കുന്ന ക്രിസ്തു അജപാലനത്തിന്റെ മറ്റൊരു ശൈലിയും മതജീവിതത്തിന് ഉദാത്ത മാതൃകയുമാണ്.

ഒരു കൂട്ടംപേരുടെ ആരോപണങ്ങളോട് നിസ്സംഗത പുലർത്തുക വഴി യേശു അവരെ പരോക്ഷമായി പരിഹസിക്കുകയായിരുന്നു. അവൻ മണ്ണിലെഴുതിയതെല്ലാം എന്തായിരിക്കാം? അവരുടെ സ്വകാര്യതകളിൽ അവർ ചെയ്ത പാപങ്ങളുടെ കണക്കോ, അതോ ഇനിയും അവർ ചെയ്യുവാൻ പോകുന്നതോ? തുടർന്ന് അവൻ പറഞ്ഞ വാക്കുകൾ 'പാപമില്ലാത്തവർ കല്ലെറിയട്ടെ' എന്നത് അവരെ നിശബ്ദരാക്കുക മാത്രമല്ല, 'എല്ലാവരും പാപികളാണ്' എന്ന വലിയ സത്യത്തെ വെളിപ്പെടുത്തുന്നതുമായി!

ഭൂരിപക്ഷത്തിന്റെ വാക്കുകളെ ശ്രവിക്കുമ്പോഴും അതിനനുസരിച്ചല്ല ക്രിസ്തു തന്റെ തീരുമാനം രൂപപ്പെടുത്തുന്നത്.  മറിച്ച് ദൈവത്തിന്റെ കാരുണ്യമാണ് അതിന്റെ മാനദണ്ഡം.  മറ്റുള്ളവരോടുള്ള നമ്മുടെ സമീപനങ്ങളിൽ, വിധികളിൽ, ഇടപെടലുകളിലെല്ലാം ഭൂരിപക്ഷത്തിന്റെ നിലപാടുകളുടെ സ്വാധീനമുണ്ട് . ഭൂരിപക്ഷത്തിന്റേത് എന്നത് - പാരമ്പര്യങ്ങളാകാം, നാട്ടുനടപ്പാകാം, സമ്പ്രദായങ്ങളാകാം. ഇവയെല്ലാം അനുസരിച്ച് ജീവിതം ക്രമീകരിക്കാനാകാത്തവരെ നാം എത്രമാത്രം വിമർശിക്കുന്നു, ഒറ്റപ്പെടുത്തുന്നു. ഇത്തരം തടവറകളിലായിരിക്കുന്നവരാണ് തങ്ങളിലൂടെ തന്നെ കൈമാറ്റം ചെയ്യപ്പെടുന്ന ദൈവീക കരുണയുടെ മേന്മയും ആഴവും അനുഭവിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടയുന്നത്.  നമ്മുടെ വിധികൾ ദൈവീകകാരുണ്യം മാനദണ്ഡമാക്കി രൂപപ്പെടുത്തുക എന്നത് എത്രമാത്രം ഗൗരവമേറിയതാണ്!

ഹീബ്രുഭാഷയിലെ കരുണയെ സൂചിപ്പിക്കുന്ന 'റഹമീം' എന്ന പദം മാത്രമാണ് ദൈവീക കരുണയുടെ അർത്ഥം ശരിയായി അവതരിപ്പി

ക്കുന്നത്. അനുകമ്പ, കാരുണ്യം എന്നർത്ഥം വരുന്ന ഈ പദം 'റഹെം' എന്ന മൂലപദത്തിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. 'റെഹം' എന്നാൽ 'ഉദരം', 'ഗർഭപാത്രം' എന്നെല്ലാമാണ് അർത്ഥമാക്കുന്നത്.

ഇതനുസരിച്ച് കരുണ, കാരുണ്യമെന്നാൽ ഗർഭത്തിലായിരിക്കുന്ന കുഞ്ഞിനോട് അമ്മയ്ക്കുള്ള സ്നേഹത്തിന്റെ വികാരം എന്നതാണ്- 'yearning for,' feeling that emerges from the depth etc. എന്നൊക്കെ ഈ പദത്തെ വ്യാഖ്യാനിക്കാം. പാപിയോട് ദൈവത്തിനുള്ള വികാരവും ഇതു തന്നെ. ആരും നശിച്ചു പോകരുതെന്ന് അവിടന്ന് ആഗ്രഹിക്കുന്നു. കരുണയോടു ബന്ധപ്പെടുത്തിയല്ലാതെ ദൈവസ്നേഹത്തെ വ്യാഖ്യാനിക്കുക അസാധ്യം. ദൈവത്തെ 'റഹീം' 'റഹ്മാൻ' എന്ന് വിളിക്കുന്നതിന്റെ പൊരുൾ എത്രയോ വ്യക്തവും അർത്ഥപൂർണ്ണവുമാണ്.

## ഭീകരതയുടെ ആധുനിക മുഖങ്ങൾ

മോശയുടെ നിയമത്തെ (തോറ) അടിസ്ഥാനമാക്കിയാണ് അവർ അവളെ പാപിനിയെന്ന് മുദ്രകുത്തി കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കുന്നത്.

വേദഗ്രന്ഥത്തെ ജീവന്റെയും ശാന്തിയുടെയും വിമോചനത്തിന്റെയും ഉപാധിയായി കാണുന്നതിനുപകരം വിധിയുടെയും ശിക്ഷയുടെയും മരണത്തിന്റെയും ഉറവിടമായി കാണുന്നത് എത്രയോ വിരോധാഭാസമാണ്. ക്രിസ്തു വ്യത്യസ്തനാകുന്നത് ഇവിടെയാണ്. പുതുജീവൻ നല്കാനാണ് അവൻ വചനം ഉപയോഗിക്കുന്നത്. ഇപ്രകാരമാണ് അവൻ നിയമത്തിലെ കുറവുകളെ പൂർത്തിയാക്കുന്നതും (മത്താ. 5:17).

മതവൈര്യവും ഭീകരതയും താണ്ഡവമാടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുക. അതിന്റെ ഭീകരത മാധ്യമങ്ങളിലൂടെ നാം അറിയുന്നതിൽ നിന്നും എത്രയോ ഭീകരമാണ്. വംശഹത്യക്കും അക്രമങ്ങൾക്കുമുള്ള ന്യായീകരണമായി വേദഗ്രന്ഥ വചനങ്ങളെയാണ് ഇവർ ഉയർത്തികാട്ടുന്നത്. തങ്ങൾക്കു സ്വർഗ്ഗം ലഭിക്കാൻ നിഷ്കളങ്കരെപ്പോലും ഇവർ കൊന്നൊടുക്കുന്നു.

മാനവികതയ്ക്ക് വില കല്പിക്കാത്തതൊന്നും ദൈവത്തിൽ നിന്നല്ല. അത്തരത്തിലുള്ള നിലപാടുകൾ മതത്തിന്റെ തലത്തിൽ നിന്നാണെങ്കിൽ പോലും അതിനെ അതിലംഘിക്കുന്ന കാരുണ്യം കാണിക്കാൻ യേശു നമ്മെ പഠിപ്പിക്കുന്നു. "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും" (മത്താ. 5:7). ❑

ഫാ. ബാസ്റ്റിൻ കിഴക്കേറ്റം




# മതവും രാഷ്ട്രീയവും

മതവും രാഷ്ട്രവും തമ്മിലും, മതവിശ്വാസവും രാഷ്ട്രീയവും തമ്മിലുമുള്ള ബന്ധത്തെപ്പറ്റി വിശകലനങ്ങളും ചർച്ചകളും കൂടി വരുന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ രാഷ്ട്രീയ പശ്ചാത്തലവും ഇത്തരത്തിലുള്ള ചർച്ചയെ ചൂടു പിടിപ്പിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതി (1976) ഇന്ത്യയെ വിശേഷിപ്പിക്കുന്നത്, പരമാധികാര, ജനാധിപത്യ, സോഷ്യലിസ്റ്റ്, മതനിരപേക്ഷ റിപ്പബ്ലിക് എന്നാണ്. ഈ നിർവ്വചനത്തിലെ 'സെക്കുലർ' എന്ന സംജ്ഞയുടെ അർത്ഥം "രാഷ്ട്രത്തിന് ഒരു ഔദ്യോഗിക മതമില്ലെ"ന്നും "ഒരു പ്രത്യേക മതത്തെ ഇകഴ്ത്തുകയോ പുകഴ്ത്തുകയോ ചെയ്യാൻ രാഷ്ട്രം തുനിയില്ല" എന്നുമാണ്. ഇതു മതവിരുദ്ധതയല്ല, മറിച്ചു മതം രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടുന്നില്ല എന്ന യഥാർത്ഥ മതനിരപേക്ഷതയാണ്.

ചരിത്രത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ, എവിടെയൊക്കെ മതവും രാഷ്ട്രീയവും തമ്മിലുള്ള അതിർവരമ്പുകൾ നഷ്ടമായോ - ഏതു മതവും ആയിക്കൊള്ളട്ടെ, ഏതു രാഷ്ട്രവും ആയിക്കൊള്ളട്ടെ - അവിടെയൊക്കെ രാഷ്ട്രീയത്തിൽ അപചയവും മതത്തിൽ ജീർണതയും കടന്നുവന്നിട്ടുണ്ട്. ഈ പറഞ്ഞതിന് ഉത്തമ ഉദാഹരണമാണ് യൂറോപ്പിലെ ഇരുണ്ട യുഗങ്ങൾ. ആ ഇരുണ്ട യുഗത്തിന്റെ കറുത്ത പാടുകൾ ഇപ്പോഴും അവിടെ അവശേഷിക്കുന്നു.

അപ്പോൾ സഭയിലെ അംഗങ്ങൾക്കു രാഷ്ട്രീയം പാടില്ലെന്നാണോ? അല്ല. സഭക്ക് രാഷ്ട്രനിർമ്മാണത്തിൽ പങ്കില്ലെന്നാണോ? അല്ല. ഇവ

യുടെ ഉത്തരം ലളിതമായി ഇപ്രകാരം സംഗ്രഹിക്കാം.

1) സഭ വിശ്വാസികളുടെ കൂട്ടായ്മയാണെന്നതുപോലെ തന്നെ സഭയിലെ അംഗങ്ങൾ രാഷ്ട്രത്തിന്റെ പൗരന്മാർ കൂടിയാണ്. ഒരു പൗരൻ എന്ന രീതിയിൽ ഓരോ വ്യക്തിയും വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ സ്വീകരിക്കാവുന്നതും ഇന്ത്യൻ ഭരണഘടനക്കു വിധേയമായി നിലനില്ക്കുന്ന രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കാവുന്നതുമാണ്.

2) അതേസമയം, മിശിഹായുടെ മൗതികശരീരമായ സഭ കക്ഷിരാഷ്ട്രീയത്തിന്റെ വക്താവാകുകയോ, വോട്ടുബാങ്കിന്റെ സമ്മർദ്ദതന്ത്രം പ്രയോഗിക്കുകയോ ചെയ്യുന്നത് ആത്മഹത്യാപരമാണ്. നേരെമറിച്ച്, മതത്തിനും രാഷ്ട്രീയത്തിനും അതീതമായി സന്മനസ്സുള്ള എല്ലാവരുമായി സഹകരിച്ചു നീതിക്കും, സമാധാനത്തിനും വേണ്ടി പോരാടുകയും ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുകയും വേണം.

3. സഭ എപ്പോഴും ധാർമ്മിക ശക്തിയായി നിലകൊള്ളണം. ശരിതെറ്റുകൾ ചൂണ്ടിക്കാണിച്ചു ശരിയുടെ വഴിയെ സഞ്ചരിക്കാൻ രാഷ്ട്രത്തിനും രാഷ്ട്രീയത്തിനും ദിശാബോധം നല്കാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ട്. അതാണ് സഭ നിർവ്വഹിക്കേണ്ട ധർമ്മവും.

അഴിമതി രഹിതമായ, എല്ലാവർക്കും നീതി ലഭിക്കുന്ന ഒരു രാഷ്ട്രഭരണസംവിധാനം നമുക്കാവശ്യമാണ്. അങ്ങനെയുള്ള ഭരണാധികാരികൾ എല്ലാ മതങ്ങളിൽ നിന്നും രാഷ്ട്രനിർമ്മിതിയിൽ പങ്കുചേരണം. ഒരു ക്രിസ്തു വിശ്വാസിക്കു ലോകത്തിനു മുമ്പിൽ സാക്ഷ്യം വഹിക്കാനുള്ള അവസരമാണിത്. അതിലേക്കു അല്മായ സഹോദരർ വളരേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

**വിരാമതിലകം:**

"പോളിസ്" എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് 'പൊളിറ്റിക്സ്' എന്ന പദത്തിന്റെ ഉത്ഭവം. 'പോളിസ്' എന്ന വാക്കിന്റെ അർത്ഥം 'നഗരം' എന്നാണ്. 'രാഷ്ട്രം' എന്നു വ്യാഖ്യാനിക്കാവുന്നതുമാണ്. തന്മൂലം 'പൊളിറ്റിക്സ്' എന്ന പദം പ്രഥമവും പ്രധാനവുമായി 'രാഷ്ട്രത്തെ സംബന്ധിച്ചത്' എന്ന അർത്ഥത്തിൽ മനസ്സിലാക്കേണ്ടതാണ്; കക്ഷിരാഷ്ട്രീയം എന്ന സങ്കുചിതാർത്ഥത്തിലല്ല.

❑

ജോസ് മഴുവഞ്ചേരി

# തോമ്പ്രാ കോളനിയിലെ കുള നിർമ്മാണം



**പ**ണ്ട് ബ്ലോക്ക് പഞ്ചായത്തുകളൊക്കെ രൂപപ്പെടുന്നതിന് മുൻപ് ബി.ഡി.ഒ. മാരായിരുന്നു ഉഗ്രപ്രതാപികൾ. ഒരു ബി.ഡി.ഒ. യ്ക്ക് മാർച്ച് 29-ാം തീയതി കളക്റുടെ ഒരു ഫോൺ വന്നു. ആ വർഷത്തെ അടങ്കൽ തുകയിൽ പതിനായിരം രൂപ ബാക്കിയുണ്ടത്രെ. നിങ്ങളുടെ ബ്ലോക്കിൽ എന്തെങ്കിലും പണി ചെയ്യുന്നുണ്ടെങ്കിൽ ഉപയോഗിക്കാം. അദ്ദേഹം പറഞ്ഞു ഇവിടെ തോമ്പ്ര എന്ന സ്ഥലത്ത് കുടിവെള്ളത്തിന് ക്ഷാമമുണ്ട്. നമുക്ക് അവിടെ ഒരു കുളം നിർമ്മിക്കാം. തുക എത്തി. പക്ഷേ രണ്ട് ദിവസം മാത്രമേ ഉള്ളൂ. മാർച്ച് 31-ന് സാമ്പത്തിക വർഷം അവസാനിക്കും. അതുകൊണ്ട് നമ്മുടെ ഓഫീസർ ഒരു ഫയലെടുത്ത് കുളം കുത്തിയതായി രേഖപ്പെടുത്തി. പിന്നെ പണിചെയ്യാമെന്ന് തീരുമാനിച്ചു. പക്ഷേ, ഏപ്രിൽ ഒന്നാം വാരം അദ്ദേഹത്തിന് ട്രാൻസ്ഫർ. കുളം കുത്തിയിട്ടുമില്ല. ആ തുകയും കൊണ്ട് അദ്ദേഹം മടങ്ങി.

അടുത്ത ബി.ഡി.ഒ. വന്നു. വർഷങ്ങൾ കഴിഞ്ഞു. ഒരു ദിവസം കളക്ടറുടെ വിളി. ഒരു പതിനായിരം രൂപയുണ്ട് എന്തെങ്കിലും മെയിന്റനൻസ് വർക്കുണ്ടെങ്കിൽ ചെയ്തുകൊള്ളൂ. അദ്ദേഹം ഫയലുകൾ പരിശോധിച്ചപ്പോൾ തോമ്പ്രായിലെ കുളത്തിന്റെ ഫയൽ കണ്ടു. ആ കുളത്തിന്റെ പടവുകളും ഭിത്തികളും തീർച്ചയായും നശിച്ചിട്ടുണ്ടാകും. അദ്ദേഹം കളക്ടറെ വിളിച്ച് ഈ കുളത്തിന്റെ കാര്യം പറഞ്ഞു. തുക വന്നു. പക്ഷെ കുളം അന്വേഷിച്ചപ്പോൾ കുളമില്ല. പക്ഷെ ഇനി കുളമില്ലെന്ന് പറയാനാവില്ല. അദ്ദേഹവും എടുത്തു ഒരു ഫയൽ. മെയിന്റനൻസ് നടത്തി എന്ന് രേഖപ്പെടുത്തി. അദ്ദേഹത്തിനും കിട്ടി പതിനായിരം രൂപ.

കഥാപ്രാസംഗികർ പറയുന്നതുപോലെ, വേനലും മഞ്ഞും മഴയുമായി കാലം പതുക്കെ കടന്നുപോയി. പുതിയ ബി.ഡി.ഒ. വന്നു. അദ്ദേഹം വളരെ സ്ട്രിക്റ്റായ ഓഫീസറാണ്. എല്ലാ സൈറ്റുകളും പരിശോധിക്കും. വലിയ പ്രോജക്ടുകളുടെ ഇൻസ്പെക്ഷൻ ഒക്കെ കഴിഞ്ഞു. ഇനി ചെറുകിടവർക്കുകളുടെ ഫയലുകളാണ്. അങ്ങനെയാണ് തോമ്പ്രാ കുളം ഫയൽ കണ്ടത്. പതിനായിരം രൂപയ്ക്ക് നിർമ്മാണം. പതിനാ

യിരം രൂപയ്ക്ക് അറ്റകുറ്റപണി. അദ്ദേഹം കുളം അന്വേഷിച്ചു നടന്നു. കുളമില്ല. ഇതിന് താൻ ഉത്തരം പറയേണ്ടി വരും. അതുകൊണ്ട് അദ്ദേഹം കളക്ട്രേറ്റിലേയ്ക്ക് വിളിച്ചു പറഞ്ഞു. സാർ ഇവിടെ തോമ്പ്ര എന്ന കോളനിയിൽ ഒരു കുളമുണ്ട്. അത് ആകെ മലീമസമായി കിടക്കുകയാണ്. പല ആരോഗ്യപ്രശ്നങ്ങളും പരിസരവാസികൾക്ക് ഉണ്ടാകാം. കളക്ടർ അടിയന്തിരമായി പതിനായിരം രൂപ അയച്ചു കൊടുത്തു. ആ കുളം മൂടാൻ! ആ ബി.ഡി.ഒ. യും എടുത്തു ഒരു ഫയൽ. തോമ്പ്രയിലെ കുളം അങ്ങനെ മൂടി. അദ്ദേഹത്തിനും കിട്ടി പതിനായിരം രൂപ.

ഇന്ന് സാമൂഹ്യസേവനരംഗത്ത് സാമ്പത്തിക ഇടപാടുകൾ പലതും നടത്തേണ്ടി വരാറുണ്ട്. സാമ്പത്തിക തിരിമറികൾ പല സാമുദായിക മേഖലകളിലും ഗ്ലാനി പരത്തുന്നതായി കാണാം. പല സാമുദായിക സംഘടനകളും, രാഷ്ട്രീയ പാർട്ടികൾ ആരംഭിക്കാനുള്ള ചർച്ചകൾ സജീവമായി നടക്കുന്ന ഈ നാളുകളിൽ ഈ ചക്കരക്കുടത്തിൽ കൈയ്യിടാനുള്ള പ്രവണത ചെറുത്ത് തോൽപ്പിക്കേണ്ടതുണ്ട്. ഡെന്മാർക്കിൽ എന്തോ ചീഞ്ഞു നാറുന്നു എന്ന് ഷേക്സ്പിയർ 'ഹാംലെറ്റി'ൽ പറഞ്ഞത് നമുക്കും ഓർത്തുവെയ്ക്കാം. ❑

## രമ്യത

**ജ്യേ**ഷ്ഠാനുജന്മാർ പരസ്പരം സംസാരിച്ചിട്ട് നീണ്ട 25 വർഷങ്ങളായി. ശത്രുതയുടെ "ജൂബിലി"! അപ്പന്റെ പേരിലുള്ള സ്വത്ത് വീതം വച്ചപ്പോൾ ഒരാൾക്കു കുറഞ്ഞുപോയതാണ് കാരണം. പലപ്പോഴായി അവർ പരസ്പരം പോർവിളികൾ മുഴക്കി, ഭീഷണികളും. മക്കളും ഈ ശത്രുതയിൽ വളർന്നു വന്നു. രണ്ടു കുടുംബങ്ങളും എല്ലാ തരത്തിലും ക്ഷയിച്ചു. ജീവിതത്തിന്റെ അരക്ഷിതാവസ്ഥയിലേക്കു തള്ളിയിടപ്പെട്ടു. നാട്ടിലെ പ്രായം തികഞ്ഞ ഒരു സാധാരണ മനുഷ്യൻ ആ വീടുകൾ സന്ദർശിച്ചു. പ്രത്യേക വിദ്യാഭ്യാസ യോഗ്യത ഒന്നുമില്ലാതിരുന്ന ആ മനുഷ്യൻ ദൈവകാരുണ്യത്തെക്കുറിച്ചും, ക്ഷമയെക്കുറിച്ചും മാത്രം സംസാരിച്ചു. അത്ഭുതകരമായ ഒരിടപെടൽ. നീണ്ട വർഷങ്ങളിലെ ശത്രുത അവസാനിപ്പിച്ചു ആ ജ്യേഷ്ഠാനുജന്മാർ സ്നേഹത്തിലായി; രണ്ടു കുടുംബങ്ങളും.

പുണ്യജീവിതങ്ങളുടെ ഇടപെടൽ പുനരൈക്യങ്ങൾക്കു കാരണമാകുന്നു. കനത്ത ശത്രുതകളുടെ മഞ്ഞുരുകുന്നതിനു കാരുണ്യത്തിന്റെ ഇടപെടൽ കടലോളം വലുതാണ്. ❑

സി. ടിൻസി S.D.

# സമർപ്പിതരേ, മുന്നോട്ട്...



സമർപ്പിത ജീവിതത്തെ ആഴത്തിൽ അവലോകനം ചെയ്ത് അതിന്റെ അർത്ഥ തലങ്ങളിലേയ്ക്കും സമ്പന്നതകളിലേയ്ക്കും ഊളിയിട്ടിറങ്ങി, ഇനിയും മറഞ്ഞും മങ്ങിയും കിടക്കുന്ന മുത്തുകളെ കണ്ടെത്തി തിളക്കമുള്ളതാക്കാനും അതിന്റെ മനോഹാരിതയും മഹത്വവും തിരിച്ചറിഞ്ഞ് ആനന്ദിക്കാനും അഭിമാനിക്കാനും ഫ്രാൻസിസ് പാപ്പായിലൂടെ അനുവദിച്ച സുവർണ്ണ അവസരമാണ് നാം പിന്നിടുന്ന സമർപ്പിതവർഷം. സുവിശേഷത്തിൽ ആനന്ദിക്കുന്ന, ഫലദായകത്വമുള്ള ഒരു ജീവിത സാക്ഷ്യത്തിലൂടെ ലോകത്തെ തൊട്ടുണർത്താനുള്ള ദൗത്യം സമർപ്പിതരിൽ നിക്ഷിപ്തമാണ് എന്ന തിരിച്ചറിവിലേയ്ക്കാണ് മാർപ്പാപ്പ സമർപ്പിതരെ ആഹ്വാനം ചെയ്തത്. നിർമ്മലനും ദരിദ്രനും കുരിശുമരണം വരെ അനുസരണമുള്ളവനുമായ ക്രിസ്തുവിനെ അനുകരിക്കുക എന്ന സന്ന്യാസജീവിതത്തിന്റെ അന്തസത്തയെ സമർപ്പിതരുടെ ഹൃദയതലങ്ങളിൽ മുദ്രവച്ചുറപ്പിച്ച ഒരു വർഷം നാം പിന്നിടുകയാണ്.

സമർപ്പിതജീവിതങ്ങളിൽ അനാവശ്യമായും അനുചിതമായും കൂട്ടിച്ചേർക്കപ്പെട്ടവയെ വെട്ടിയകറ്റാനും, അവശ്യം ഉണ്ടായിരിക്കേണ്ടതും എന്നാൽ ഇടയ്ക്ക് മങ്ങലേറ്റവയോ നഷ്ടപ്പെട്ടവയോ ആയതുമായ ക്രൈസ്തവ-സുവിശേഷമൂല്യങ്ങളെ വീണ്ടും ചേർത്തുവച്ച് സമ്പന്നമാക്കാനും കൃപയേകിയ അവസരമാണിത്. സ്വന്തം പദ്ധതികൾ ഉപേക്ഷിച്ച്, ക്രിസ്തുവിലും, സുവിശേഷത്തിലും ദൈവതിരുവിഷ്ടത്തിലും ജീവിതത്തെ കേന്ദ്രീകരിക്കാനായി തങ്ങളിൽ നിന്നുള്ള അനുസ്യൂതമായ "പുറപ്പാടാണ്" സമർപ്പിതജീവിതമെന്ന ഓർമ്മപ്പെടുത്തലിന് കാതോർക്കാൻ കഴിഞ്ഞ ഈ അവസരത്തെ ഗൗരവപൂർവ്വം നാം നോക്കിക്കാണണം. ക്രിസ്തുവിനെ തന്നിൽ ജീവിക്കാൻ അനുവദിക്കുന്നതിന്, സ്വാർത്ഥ

കേന്ദ്രീകൃത ജീവിതശൈലിയിൽ നിന്നും യേശു കേന്ദ്രീകൃതവും, അപരനിൽ യേശുവിനെ ദർശിച്ച് അപരകേന്ദ്രീകൃതവുമായ ജീവിതശൈലിയിലേയ്ക്കുള്ള പുറപ്പാടാണിത് എന്ന തിരിച്ചറിവും ഈ കാലയളവിൽ നാം നേടിക്കഴിഞ്ഞു.

സ്വന്തം ജീവിതം ഭദ്രമായിരിക്കുമ്പോഴുള്ള സ്വസ്ഥത നല്കുന്ന ആശ്വാസം തേടുന്നതല്ല, പ്രത്യുത അപരന്റെ അസ്വസ്ഥതകളെ സ്വന്തമായിക്കണ്ട്, ആ ജീവിതം സുരക്ഷിതമാക്കാനുദ്യമിക്കുന്നതിലുള്ള അസ്വസ്ഥതയും, അവരിൽ ദൈവത്തെ കണ്ടുമുട്ടാനുള്ള ശ്രമത്തിനു പിന്നിലുള്ള അസ്വസ്ഥതയും ഉൾക്കൊണ്ട്, വി. അഗസ്റ്റിനെ ഭരിച്ച "സ്നേഹത്തിന്റെ അസ്വസ്ഥത" ഉള്ളിലുണരാനിടയാക്കുന്നതാണ് സമർപ്പിതജീവിതം. ദൈവിക പദ്ധതികളിൽ നിന്നും ഭയന്നോടുന്ന, കുതറിമാറുന്ന സഹോദരങ്ങളെ, അവ വീണ്ടും ആശ്ലേഷിക്കാനിടയാക്കുന്നത്, പിതൃഹിതം പൂർണ്ണമായും നിർവഹിക്കുന്നതിൽ ആനന്ദംകൊണ്ട ക്രിസ്തുവിനോട് താദാത്മ്യപ്പെടുന്ന സമർപ്പിതർക്കു മാത്രമാണ് എന്ന ബോധ്യം നമുക്കു ശിരസാ വഹിക്കാം. ഭാവിയിൽ ഇനിയും സാക്ഷാത്ക്കരിക്കുവാനുള്ള മഹത്തായ ചരിത്രത്തിലേയ്ക്ക് നോക്കുമ്പോൾ, ഈ സമർപ്പിത വർഷാചരണത്തിലൂടെ നമ്മിൽ ഊറിക്കൂടിയ ബോധ്യങ്ങൾക്കും കണ്ടെത്തലുകൾക്കും ചിറകു മുളച്ച് ഉയരങ്ങളിലേയ്ക്ക് ഉയർന്നു പറക്കുവാൻ ഇടയാകണം.

ക്രിസ്തു സാന്നിധ്യം ഇന്ന് ലോകത്തിൽ പ്രകടിതമാക്കുവാൻ വിളിക്കപ്പെട്ടവരാണെന്ന ബോധത്തോടെ പ്രത്യാശയോടെ നമ്മുടെ ഭാവിയെ ആശ്ലേഷിക്കാം. "ഇതാ കർത്താവിന്റെ ദാസി" എന്ന് സ്വയം അംഗീകരിച്ച് ഏറ്റുപറഞ്ഞ പരിശുദ്ധ അമ്മയുടെ വിനീതഭാവം അവളെ ദൈവമാതൃത്വത്തിലേക്ക് ഉയർത്തി. ഈ എളിമയും ഹൃദയതാഴ്മയും ജീവിതത്തിൽ തെളിയിച്ച് പിതൃമഹത്വം ഉയർത്തിക്കാട്ടിയ ഈശോയോട് താദാത്മ്യപ്പെട്ട് ദൈവപ്രീതി നമുക്കും സ്വന്തമാക്കാം. ദൈവത്തെക്കുറിച്ചുള്ള ഓർമ്മയെ വലുതായിക്കണ്ട് ജീവിതത്തിൽ കറ പുരളാതെ സൂക്ഷിച്ച തോബിത്തിനെപ്പോലെ, ദൈവ ഓർമ്മയോടെ വിശുദ്ധരായി ജീവിക്കാനും, വിശുദ്ധമായ സാന്നിദ്ധ്യത്തിലൂടെ കൂടെയുള്ളവരിൽ ദൈവ ഓർമ്മ ഉണർത്താനും നമുക്ക് ജാഗ്രതയുള്ളവരാകാം. സന്ന്യസ്ത -സമർപ്പിത ജീവിതത്തിന്റെ മാതൃകയായി ഉയർത്തികാണിക്കുന്ന ഏലിയാ പ്രവാചകന്റെ തീക്ഷ്ണതയും പ്രവാചകശുശ്രൂഷയും സ്വന്തമാക്കി ദൈവത്തിന്റെ മഹനീയ ദാനമായ ഈ ജീവിതത്തെ ഉപരി മഹത്വമുള്ളതാക്കുവാനും നമുക്കു സുസജ്ജരാകാം. ❑


# പ്രേമം

ഈ പ്രാവശ്യം കൂട്ടുകാരനെ കണ്ടപ്പോൾ അദ്ദേഹം സംസാരിച്ചത് ചില പത്രവാർത്തകളെക്കുറിച്ചാണ്. പ്രേമം എന്ന ചലച്ചിത്രം ക്യാമ്പസുകളിൽ കുട്ടികളുടെയിടയിൽ മോശമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു ഡി.ജി.പി. സെൻകുമാർ പറഞ്ഞതായി പത്രവാർത്ത. ഒരു പ്രശസ്ത വനിതാ കോളജിൽ ഏതാനും പെൺകുട്ടികൾ മുണ്ടും ഷർട്ടും ധരിച്ചു ഓണാഘോഷത്തിന് എത്തിയതായി മറ്റൊരു വാർത്ത. എറണാകുളത്തുള്ള മൂന്നു പെൺകുട്ടികൾ ഇന്നോവ കാറിൽ തലയോലപ്പറമ്പിനടുത്തുള്ള വടയാറിലെത്തി, അവിടുത്തെ കള്ളുഷാപ്പിൽ കയറി കള്ളു കുടിച്ചു പൂസായെത്രെ! ലക്കു കെട്ട പെൺകുട്ടികളുടെ സംസാരവും പ്രവർത്തികളും അതിരുവിട്ടു തുടങ്ങിയപ്പോൾ ആളുകൾ കൂടി. ഷാപ്പുകാർ പൊലീസിൽ വിവരമറിയിച്ചു. പൊലീസ് ഉദ്യോഗസ്ഥർ മാതാപിതാക്കളെ വിളിച്ചുവരുത്തി കുട്ടികളെ പറഞ്ഞയച്ചുവെന്നു വേറൊരു വാർത്ത. ഇതൊക്കെ പറഞ്ഞിട്ടു കൂട്ടുകാരൻ ചോദിച്ചു: നമ്മുടെ ഈ ന്യൂജൻ സഹോദരിമാർക്ക് എന്തുപറ്റി? എന്തൊ ആയിത്തീരാനുള്ള വ്യഗ്രത(വെപ്രാളം)ക്കിടയിൽ സ്ത്രീത്വത്തിന്റെ മഹനീയത അവർ നഷ്ടപ്പെടുത്തുന്നുണ്ടോ? ലഹരി നുണഞ്ഞും, 'കോപ്രായ'ങ്ങൾ കാണിച്ചും എന്തിനാണ് അവർ ശ്രേഷ്ഠമായ മാതൃഭാവങ്ങൾ വികലമാക്കുന്നത്? ഇനി ഈ ചോദ്യം കൂടി കൂട്ടുകാരൻ ചോദിച്ചു: മീഡിയയിൽ പ്രത്യക്ഷപ്പെടാനുള്ള നമ്മുടെ കുഞ്ഞുങ്ങളുടെ ഭ്രമം പുതുതായി രൂപം കൊള്ളുന്ന മാനസിക അപക്വതയുടെയും വൈകല്യത്തിന്റെയും ലക്ഷണമാണോ? വിശദമായ ചർച്ചയും അന്വേഷണവും ആവശ്യമുണ്ട്. ❑

## "ഉണ്ണീശോയ്ക്ക് ഒരു രൂപ"

ക്രിസ്സ്മസ്സ് നോമ്പിന്റെ ത്യാഗഫലമായ "ഉണ്ണീശോയ്ക്കു ഒരു രൂപ" പദ്ധതിയിലൂടെ സമാഹരിച്ച ഫണ്ട് കാരുണ്യപ്രവർത്തനങ്ങൾക്കായി നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. വിവാഹസഹായം, പഠനസഹായം, ഭവനനിർമ്മാണം, ചികിത്സാ സഹായം എന്നിവയ്ക്കാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. വികാരിയച്ചന്റെ ശുപാർശയോടുകൂടി അപേക്ഷകൾ കുടുംബകൂട്ടായ്മ ഓഫീസിൽ നല്കുമ്പോൾ അർഹരായവർക്ക് സഹായം നല്കി വരുന്നു.

ഈ വർഷവും നമ്മുടെ ക്രിസ്സ്മസ്സ് നോമ്പിന്റെ ത്യാഗഫലം ഈ പദ്ധതിയിലൂടെ സമാഹരിച്ചു കാരുണ്യവർഷത്തിനു തുടക്കം കുറിക്കാം. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും കൂട്ടായ്മ ഭാരവാഹികളുടെയും ഹൃദ്യമായ സഹകരണം ഉണ്ടാകുമല്ലോ.



# ശില്പി

**മൈ**ക്കെൽ ആഞ്ചെലൊ. ലോകപ്രസിദ്ധനായ ശില്പി, ചിത്രകാരൻ, ആർക്കിടെക്റ്റ്, കവി, എഞ്ചിനീയർ. 1475-ൽ ഇറ്റലിയിൽ ജനിച്ചു. തന്റെ ജന്മസിദ്ധമായ കലാനൈപുണ്യവും ജീവിതത്തിന്റെ ഭൂരിഭാഗവും റോമിലെ വിവിധ ദേവാലയങ്ങളിൽ ശില്പങ്ങളും, പെയിന്റിംഗുകളും രചിക്കുന്നതിനു വിനിയോഗിച്ചു. മുപ്പതു വയസ്സു തികയുന്നതിനു മുമ്പു തന്നെ വിഖ്യാതശിൽപങ്ങളായ "പിയെത്ത," "ഡേവിഡ്" എന്നിവ രൂപകല്പന ചെയ്തു. ജീവിതകാലത്ത് അദ്ദേഹത്തെ "The divine one" എന്നു വിളിച്ചിരുന്നു. 1505 മുതൽ 1564-ൽ മരണം വരിക്കുന്നതു വരെ റോമിൽ വിവിധ കലാസൃഷ്ടികളിൽ മുഴുകി. പ്രസിദ്ധമായ സിസ്റ്റെയ്ൻ ചാപ്പലിലെ ആരെയും അത്ഭുതപ്പെടുത്തുന്ന പെയിന്റിംഗ് പൂർത്തീകരിക്കുന്നതിനു രാപകലുകൾ ചെലവഴിച്ചു. ജീവിതാവസാനം വരെ ആഴമായ തന്റെ കത്തോലിക്ക വിശ്വാസം കാത്തു സൂക്ഷിച്ച അദ്ദേഹം തന്റെ ശിഷ്യനായിരുന്ന അസ്കോണിയോ കൊൺഡിവിയോട് ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: "However rich I may have been, I have always lived like a poor man." ഭക്ഷണപാനീയങ്ങളോടു പോലും പലപ്പോഴും നിസംഗത പുലർത്തിയിരുന്ന ഈ ശില്പിക്കു സ്വന്തമായുണ്ടായിരുന്നത് അത്യാവശ്യത്തിനുള്ള വസ്ത്രങ്ങൾ മാത്രമായിരുന്നു. 1546-ൽ 74-ാമത്തെ വയസ്സിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ രൂപകല്പനയിൽ വ്യാപൃതനായ അദ്ദേഹം, അതിന്റെ നിർമ്മാണം പൂർത്തികരിക്കുന്നതിനു മുമ്പ് 1564-ൽ ഈ ലോകത്തോടു വിട പറഞ്ഞു.


ദാവീദിന്റെ പുത്രനായ യേശുവേ,
പാപികളായ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ...